## 1228

മനമേ ഉണർന്നു സ്തുതിക്ക നിൻ ദൈവത്തെ നീ
മനമേ ഉണർന്നു സ്തുതിക്ക

1 രാത്രി കഴിഞ്ഞു ഇതാ മാ ത്രിയേകൻ ശക്തിയാൽ
വാ തൃനാമത്തെ നന്നായ് വാഴ്ത്തിയുയർത്തുവാനായ്

2 ജീവജന്തുക്കളെല്ലാം ദൈവമഹത്ത്വത്തിന്നായ്
ലാവണ്യ നാദമോടെ ആവോളം പുകഴ്ത്തുന്നു-

3 അന്ധകാരത്തിൻ ഘോരബന്ധം പുത്രനാൽ നീക്കി
തന്റെ മുഖപ്രകാശം നിന്മേൽ ഉദിപ്പിച്ചോനെ-

4 സകലദോഷങ്ങളെയും അകലെ മാറ്റി നിനക്കു
പകൽതോറും പുതുകൃപ മകനാൽ ചൊരിയുന്നോനെ-

5 അതികാലത്തു ജ്ഞാനത്തിൻ പടിവാതിൽക്കൽ ഉണർന്നും
മടിക്കാതെ ജീവമാർഗ്ഗം പഠിച്ചും കൊള്ളുന്നോൻ ധന്യൻ-

6 നിത്യതാതന്നു സ്തോത്രം മൃത്യുഹരന്നു സ്തോത്രം
സത്യാത്മാവിന്നും സ്തോത്രം ആദ്യം ഇന്നുമെന്നേക്കും- **V.N.**